പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1368 — 02.05.2017-ൽ മറുപടി നല്കേണ്ടിയിരുന്നത്

## കെ.റ്റി.ഡി.എഫ്.സി.യിൽ നിന്നും കെ.എസ്.ആർ.ടി.സി.യ്ക്ക് അനുവദിച്ച വായ്പകൾ

ചോദ്യം
ശ്രീ.എൻ. ഷംസുദ്ദീൻ

ഉത്തരം
ശ്രീ. തോമസ് ചാണ്ടി
(ഗതാഗത വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | സർക്കാർ ഗ്യാരന്റിയിൽ കെ.എസ്.ആർ.ടി.സി.യ്ക്ക് കെ.റ്റി.ഡി.എഫ്.സി.യിൽ നിന്നും ഇതുവരെ എത്ര കോടി രൂപ വായ്പ അനുവദിച്ചിട്ടുണ്ട്; ഇതിൽ എത്ര തുക കെ.എസ്.ആർ.ടി.സി. തിരിച്ചടച്ചിട്ടുണ്ട്; ബാക്കി തിരിച്ചടയ്ക്കുവാനുള്ള തുക എത്രയാണെന്ന് വ്യക്തമാക്കുമോ; | (എ) | കെ.എസ്.ആർ.ടി.സി.യുടെ കണക്കുപ്രകാരം കെ.റ്റി.ഡി.എഫ്.സി. നാളിതുവരെ 4414.04 കോടി രൂപ വായ്പയായി അനുവദിച്ചിട്ടുണ്ട്. എന്നാൽ ഈ വായ്പകൾക്ക് സർക്കാർ ഗ്യാരന്റി ഇല്ല. മേൽ വായ്പയിൽ 1300 കോടി രൂപ ബാങ്കുകളുടെ കൺസോർഷ്യത്തിൽ നിന്നും വായ്പയെടുത്ത് 31.12.2015-ൽ തിരിച്ചടച്ചത് ഉൾപ്പെടെ 3654.64 കോടി രൂപയോളം തിരിച്ചടച്ചിട്ടുണ്ട്. എന്നാൽ ഇതു സംബന്ധിച്ച കെ.റ്റി.ഡി.എഫ്.സി.യുടെ കണക്കുമായി വ്യത്യാസമുള്ളതിനാൽ ടി വിഷയം പരിഹരിച്ചതിനുശേഷം മാത്രമേ കൃത്യമായ കണക്ക് ലഭ്യമാക്കാൻ സാധിക്കുകയുള്ളൂ. |
| (ബി) | കെ.റ്റി.ഡി.എഫ്.സി.യിൽ നിന്നും വായ്പയായി എടുക്കുന്ന തുക കെ.എസ്.ആർ.ടി.സി. ചെലവഴിക്കുന്നത് സംബന്ധിച്ച് എന്തെങ്കിലും പരിശോധന നടത്തിയിട്ടുണ്ടോ; വിശദമാക്കുമോ? | (ബി) | കെ.റ്റി.ഡി.എഫ്.സി.യിൽ നിന്നും വായ്പയായി എടുക്കുന്ന തുക കെ.എസ്.ആർ.ടി.സി.യുടെ പ്രവർത്തന ചെലവുകൾ നിറവേറ്റുവാനാണ് ചെലവഴിക്കുന്നത്. ആയത് പരിശോധന നടത്തിയിട്ടില്ല. |

സെക്ഷൻ ഓഫീസർ